# മട്ടന്നൂർ നഗരസഭ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20 ആക്ട്) 567 (25) വകുപ്പ് പ്രകാരം മട്ടന്നൂർ മുനിസിപ്പൽ കൗൺസിൽ ശ്മശാനത്തിലോ, ശവപറമ്പിലോ വെച്ച് ശവശരീരങ്ങൾ ദഹിപ്പിക്കുകയോ മറവ് ചെയ്യുകയോ ചെയ്യുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഉണ്ടാക്കിയ ബൈലോ. (കരട്)

(1) ചുരുക്കപ്പേര്.– ഈ ബൈലോ മട്ടന്നൂർ മുനിസിപ്പാലിറ്റി അതിർത്തി പൊതുസ്വകാര്യ ശ്മശാനത്തിലോ ശവപറമ്പിൽ വെച്ചോ ശവശരീരങ്ങൾ ദഹിപ്പിക്കുകയും മറവ്ചെയ്യുകയും ചെയ്യുന്നത് സംബന്ധിച്ച ബൈലോ 2013 എന്ന പേരിൽ അറിയപ്പെടും.

(2) ആരംഭം.– ഈ ബൈലോ സർക്കാർ സ്ഥിരീകരണം നൽകുന്ന മുറയ്ക്ക് നടപ്പിൽ വരുത്തുന്നതാണ്.

(3) വ്യാപ്തി.– ഇതിന്റെ വ്യാപ്തി മട്ടന്നൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ളതും ലൈസൻസ് ഉള്ളതുമായ മുഴുവൻ പൊതുവായതും സ്വകാര്യമായതുമായ ശ്മശാനം/ശവപറമ്പിനും ബാധകമായിരിക്കും;

(4) നിർവ്വചനങ്ങൾ.– ഈ ബൈലോ സന്ദർഭത്തിനോ വിഷയത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം;

(എ) ആക്ട്–എന്നാൽ 1994 ലെ കേരള മുനിസിപ്പൽ ആക്ട് (1994 ലെ 20 ാം ആക്ട്) എന്നർത്ഥമാകുന്നു;

(ബി) ചെയർമാൻ–എന്നാൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു;

(സി) കൗൺസിൽ–എന്നാൽ മട്ടന്നൂർ മുനിസിപ്പൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(ഡി) സെക്രട്ടറി–എന്നാൽ 1994 ലെ കേരളമുനിസിപ്പാലിറ്റി ആക്ടിലെ 48 ാം വകുപ്പ് അനുസരിച്ച് നിയമിക്കപ്പെടുന്നു സെക്രട്ടറി ആയിരിക്കുന്നതാണ്;

(ഇ) ശവക്കുഴി–എന്നാൽ തറനിരപ്പിനു താഴെയായി ഭൂമിയിൽ ഉണ്ടാക്കിയ ശവം മറവുചെയ്യുന്നതിനായി ഉദ്ദേശിച്ച് നിർമ്മിക്കുന്ന കുഴി എന്നർത്ഥമാകുന്നു;

(എഫ്) ശവക്കല്ലറ– എന്നാൽ ശവം മറവുചെയ്യുന്നതിനു ഉറപ്പുള്ള വസ്തുക്കൾക്കൊണ്ട് ഉണ്ടാക്കിയതും, കാറ്റും വെളിച്ചവും കടക്കാത്തതുമായ അറയെന്നർത്ഥമാകുന്നു;

(5) ശവശരീരങ്ങൾ സംസ്കരിക്കുന്നതിനായി മുനിസിപ്പൽ കൗൺസിലിന് വൈദ്യുതി / എൽപിജി ശ്മശാനം ഏർപ്പെടുത്താവുന്നതും, ശവം സംസ്കരിക്കുന്നതിന് 2000/– രൂപ യും നഗരസഭാതൃത്തിക്ക് പുറത്ത് താമസമുള്ളവർക്ക് 2500/– രൂപ യും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് 1000 രൂപയും ചുമത്താവുന്നതുമാണ് എന്നാൽ അഗതികളുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും ശവസംസ്കാരത്തിന് ഫീസ് ഇളവ് നൽകുന്നത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും;

(6) വൈദ്യുതി/എൽപിജി ശ്മശാനം ശ്മശാനം ഏർപ്പെടുത്തിയാൽ ചിതാഭസ്മം ശേഖരിക്കുന്നതിനും പരേതന്റെ/പരേതയുടെ ബന്ധുക്കൾക്ക് അവസൂക്ഷിച്ചുവെച്ച് കൈമാറുന്നതിനും സംവിധാനം ഏർപ്പെടുത്തുന്നതാണ്;

(7) ശവപറമ്പിലോ ശ്മശാനത്തിലോ വെച്ച് ശവശരീരം ദഹിപ്പിക്കുകയോ മറവ്ചെയ്യുകയോ ചെയ്യുന്നതിന് അങ്ങനെയുള്ള സ്ഥലം മുനിസിപ്പാലിറ്റിയുടെ സ്ഥലമാണെങ്കിൽ ഫീസ് ചുമത്തുന്നതല്ല. എന്നാൽ ശവശരീരം ദഹിപ്പിക്കുന്നതിനാവശ്യമായ സാധനങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളതും

ശ്മശാനത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമായ നിരക്കിലുള്ള തുക കരാറുകാരന് നൽകേണ്ടതാണ്.

(8) ശവശരീരങ്ങൾ ദഹിപ്പിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനായി ഒന്നോ അധിലധികമോ കരാറുകാരെ സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതും അങ്ങനെ ചുമതലപ്പെടുത്തുന്ന കരാറുകാരൻ /കരാറുകാർ കരാറിന്റെ കാലാവധി തീരുംവരെ സാധന സാമഗ്രികൾ ലഭ്യമാക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(9) കരാറുകാരൻ ശവശരീരങ്ങൾ ദഹിപ്പിക്കുന്നതിനായി നൽകുന്ന സാധനങ്ങൾക്ക് പ്രതിഫലമായി കൈപ്പറ്റുന്ന തുകയ്ക്ക് രസീത് നൽകേണ്ടതാണ്.

(10) (എ) മുനിസിപ്പാലിറ്റിയുടെ ശ്മശാനമോ, ശവപറമ്പോ സൂക്ഷിക്കുന്നതിനായി ഒരാൾ ഉണ്ടായിരിക്കേണ്ടതും അയാൾ ദഹിപ്പിക്കുകയോ മറവ് ചെയ്യുകയോ ചെയ്യുന്ന ഓരോ ശവശരീരവും ആരുടെയെന്നും ആര് കൊണ്ടുവന്നു എന്നും എപ്പോൾ എങ്ങനെ ദഹിപ്പിച്ച്/മറവ്ചെയ്തുവെന്നും രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതാണ്. അനുബന്ധം (1) കാണുക;

(ബി)സ്വകാര്യ ശ്മാശനങ്ങളുടെയും ശവപറമ്പുകളുടെയും സംഗതിയിൽ ലൈസൻസി തന്നെ ഈ ആവശ്യത്തിനായി ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്.

(11) (i) മറവ്ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ശവശരീരങ്ങൾ കൊണ്ടുവരുന്ന സംഗതിയിൽ അവ ദഹിപ്പിക്കകയോ മറവ് ചെയ്യുകയോ ചെയ്യുന്നതിന് മുമ്പായി ശവശരീരങ്ങൾ കൊണ്ടുവരുന്ന ഉത്തരവാദപ്പെട്ട ആൾ, മരണകാരണം വ്യക്തമാക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതും ശ്മശാനം സൂക്ഷിപ്പുകാരന് സർട്ടിഫിക്കന്റിന്റെ പകർപ്പ് വാങ്ങുകയും മരണകാരണം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്;

(ii)എന്നാൽ വാർദ്ധക്യസഹജമായ കാരണത്താലോ ദീർഘനാളത്തെ ചികിത്സയിൽ കഴിയുകയും മരണം സ്വാഭിവകമായി സംഭവിക്കുകയും ചെയ്യുന്ന സംഗതിയിൽ ശവശരീരങ്ങൾ കൊണ്ടുവരുന്ന ഉത്തരവാദപ്പെട്ട ആൾ കാരണം വ്യക്തമാക്കുന്ന ഒരു ഡിക്ലറേഷൻ ഒപ്പിട്ടു നൽകിയാൽ മതിയാകുന്നതാണ്. അനുബന്ധം 2 കാണുക;

(12) സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ നടത്തുന്ന അംഗീകൃത ശ്മശാനത്തിലും ശവപ്പറമ്പിലും ശവം സംസ്കരിക്കുന്നതിനോ ശവം മറവുചെയ്യുന്നതിനോ അവശ്യത്തിനുള്ള ജോലിക്കാർ ഉണ്ടായിരിക്കേണ്ടതാണ്. രജിസ്റ്റർ സൂക്ഷിക്കുന്നതിന് ഒരാളെ ചുമതലപ്പെടുത്തകയും രജിസ്റ്റർ സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധനയ്ക്ക് നൽകേണ്ടതാണ്;

(13) ഒരേ കുഴിയിൽ ഒരേസമയം ഒന്നിലധികം ശവശരീരമോ ശരീരഭാഗങ്ങളോ ദഹിപ്പിക്കുകയോ മറവ്ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

(14)മൃതശരീരങ്ങൾ ദഹിപ്പിക്കുന്ന സംഗതിയിൽ അവർ പൂർണ്ണമായും ദഹിപ്പിക്കപ്പെടുമെന്ന് ഉറപ്പാക്കേണ്ടതാണ്;

(15)മൃത ശരീരങ്ങൽ ശ്മശാനത്തിലോ ശവപ്പറമ്പിലോ കൊണ്ടുന്നശേഷം വിവസ്ത്രമാക്കാനോ ഏതെങ്കിലും ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല;

(16)സെക്രട്ടറിയുടെ മുൻകൂർ അനുമതി ഇല്ലാതെ യാതൊരു ശവശരീങ്ങളും ശരീരഭാഗങ്ങളും ഫ്രീസറോടുകൂടിയ മോർച്ചറിയിലോ, ഫ്രീസറിലോ അല്ലാതെ

യാതൊരു പരിസരത്തും സൂക്ഷിച്ചുവെക്കാവുന്നതല്ല;

(17)അപായകരമായ രോഗങ്ങൾ പിടിപെട്ട ആളുടെ ശവശരീരം എത്രയുംപെട്ടെന്ന് സംസ്കരിക്കേണ്ടതും , അപായകരമായ രോഗം പകരുന്നത് തടയേണ്ടതിക്കാവശ്യമായ എല്ലാമുൻകരുതലുകളും എടുക്കേണ്ടതാണ്.;

(18)മൃതശരീരങ്ങൾ മറവ്ചെയ്യുന്നതിനായി ശവക്കല്ലറകൾ ഉണ്ടാക്കുന്ന സംഗതിയിൽ അവ നിർമ്മിക്കുന്നത് ഒരേരേഖയിൽ ആയിരിക്കേണ്ടതും അവ ഉറപ്പുള്ള വസ്തുക്കളാൽ നിർമ്മിച്ചതും കാറ്റോ വെളിച്ചമോ പ്രവേശിക്കാത്തവിധത്തിലോ ആയിരിക്കേണ്ടതാണ്;

(19) ശവശരീരങ്ങൾ മറവുചെയ്യുന്നതിനായി ഉണ്ടാക്കുന്ന ശവക്കുഴികൾ 150 സെ.മീ കുറയാത്ത ആഴം ഉണ്ടായിരിക്കേണ്ടതാണ്;

(20) ശവശരീരങ്ങൾ മറവുചെയ്യുന്നതിന് ഉണ്ടാക്കിയ കുഴികൾ നിർമ്മിക്കുന്നതിനുള്ള അകലം 60 സെ.മീ കുറവായിരിക്കാനും പാടുള്ളതല്ല;

(21) ശവക്കല്ലറകളിൽ മൃതശരീരം മറവുചെയ്തുകഴിഞ്ഞാൽ അതിനുമുകളിൽ മരണപ്പെട്ട ആളുടെ ഓർമ്മയ്ക്ക് തിരിച്ചറിയലിനോ എന്തെങ്കിലും സ്മാരകമോ രേഖപ്പെടുത്തലോ ശിലാസ്ഥാപനമോ നടത്തുന്നതിന് ബന്ധുക്കൾക്കോ, അവകാശികൾക്കോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഓരോ ശവക്കല്ലറയും തിരിച്ചറിയുന്നതിനും അടക്കിയ മൃതശരീരങ്ങളെ സംബന്ധിച്ച വിവരം അറിയുന്നതിന് അവശ്യമായ സംവിധാനങ്ങൾ സെക്രട്ടറി ഏർപ്പെടുത്തേണ്ടതാണ്;

(22) ശവക്കല്ലറകളിലോ ശവക്കുഴികളിലോ അടക്കിയ മൃതശരീരങ്ങൾ മജിസ്ട്രേറ്റിന്റെ രേഖാമൂലമുള്ള ഉത്തരവ് പ്രകാരം അടക്കിയ മൃതശരീരങ്ങൾ മെഡിക്കൽ പരിശോധനയ്ക്ക് പുറത്തെടുക്കുകയും പരിശോധന നടത്തേണ്ടതായും വരുന്ന സംഗതികളിൽ അപ്രകാരമുള്ള പരിശോധന നടത്തുന്നതിന് പ്രത്യേകമുണ്ടാക്കിയ അറക്കുള്ളിൽ വച്ച് തത്സമയം അധികാരപ്പെടുത്തിയവരൊഴികെ ആർക്കും പ്രവേശിക്കാൻ പാടില്ലാത്തതാണ്;

(23) ശ്മശാനങ്ങളിലോ, ശവപ്പറമ്പിലോ മറവ്ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ കൊണ്ടുപോകുന്ന ശവശരീരങ്ങൾ പെട്ടിക്കുള്ളിലാക്കിയോ മൃതശരീരങ്ങൾ യഥാവിധി വസ്ത്രങ്ങളാൽ ആവരണം ചെയ്യപ്പെട്ടോ ആയിരിക്കേണ്ടതാണ്;

(24) പൊതു നിരത്തിൽക്കൂടി ശവശരീങ്ങൾ കൊണ്ടുപോകുന്നത് ഗതാഗതതടസ്സ മാകാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്;

(25) ബൈലോയിൽ പറയുന്നകാര്യങ്ങളെ സംബന്ധിച്ചും ബൈലോയുടെ വ്യാഖ്യാനത്തെപറ്റിയും സെക്രട്ടറിയുടെ തീരുമാനത്തിന് ഏതൊരാളും ബാദ്ധ്യസ്ഥനാണ്. മേൽപ്രകാരമുള്ള സെക്രട്ടറിയുടെ തീരുമാനം കൗൺസിലിന്റെ അപ്പീൽ തീരുമാനത്തിന് വിധേയമായി അന്തിമമായിരിക്കുന്നതാണ്;

(26) ബൈലോ ഭേദഗതിചെയ്യുന്നതിനും കൂട്ടിച്ചേർക്കുന്നതിനും കൗൺസിലിന് അധികാരമുള്ളതാകുന്നു;

(27) ബൈലോയിൽപറയുന്ന സെക്രട്ടറിയുടെ വിവിധ അധികാരങ്ങൾ മുനിസിപ്പാലിറ്റിയിലെ മറ്റ് ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുള്ളതാകുന്നു;

(28) ഈ ബൈലോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 500 രൂപയിൽ കവിയാതെയുള്ള പിഴക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതും കുറ്റംചുമത്തി ശിക്ഷ വിധിച്ചശേഷം കുറ്റം ആവർത്തിക്കുന്ന ഓരോ ദിവസത്തിനും 50 രൂപയിൽ കവിയാത്ത പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

സെക്രട്ടറി,

മട്ടന്നൂർ നഗരസഭ